**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2017** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഡ്രഡ്ജിങ്ങിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താല്ക്കാലികമായി നിക്ഷേപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 21.06.2018 ലെ തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും വകുപ്പിന്റെ സ.ഉ.(കൈ)നം. 2/2018/സി.എസ്.ഐ.എൻ.ഡി. പ്രകാരം ജലപാതാ വികസനത്തിന്റെ ഭാഗമായി നടത്തുന്ന ഡ്രഡ്ജിങ്ങിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താല്ക്കാലികമായി നിക്ഷേപിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നൽകിയിട്ടുള്ള അനുമതിയുടെ അടിസ്ഥാനത്തിൽ ജലപാതകളുടെ ആഴം കൂട്ടുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ടോ; | (എ) | ജലപാതാ വികസന പ്രവൃത്തികളുടെ ഭാഗമായി നടത്തുന്ന ഡ്രഡ്ജിങ്ങിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താൽക്കാലികമായി നിക്ഷേപിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും, താമസംവിനാ അവ ലേലം ചെയ്ത് ആവശ്യക്കാർക്ക് നൽകി പ്രസ്തുത സ്ഥലം പഴയ സ്ഥിതിയിൽ നിലനിർത്തുന്നതിനുമുള്ള അനുമതി അതത് ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. വകുപ്പിന്റെ ഡമ്പിംഗ് യാർഡുകൾ ലഭ്യമല്ലാത്തയിടങ്ങളിൽ അപ്രകാരം സ്ഥലം വാടകയ്ക്ക് എടുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ ആയത് പ്രകാരം സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | ഡമ്പിംഗ് യാർഡുകൾ ലഭ്യമായ സ്ഥലങ്ങളിൽ ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണ് താൽക്കാലികമായി അവിടെ നിക്ഷേപിച്ച് ലേല നടപടികൾ പൂർത്തീകരിച്ച് നീക്കം ചെയ്യുന്നതിനും അല്ലാത്തപക്ഷം സ്വകാര്യ ഭൂമി വാടകയ്ക്ക് എടുത്ത് താൽക്കാലികമായി നിക്ഷേപിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | ജില്ലാ കളക്ടർമാർ അനുയോജ്യമെന്ന് കണ്ടെത്തി താൽക്കാലികമായി വാടകയ്ക്ക് എടുക്കുന്ന സ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന വസ്തുക്കൾ എത്രയും വേഗം ലേലം ചെയ്ത് നീക്കം ചെയ്യുമ്പോൾ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ന്റെ ലംഘനം സംഭവിക്കുകയില്ല എന്ന പ്രസ്തുത ഉത്തരവിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കാലാവസ്ഥ വ്യതിയാനം മൂലവും ഉൾനാടൻ ജലപാതകളിൽ അടിഞ്ഞു കൂടിയിരിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും നീക്കം ചെയ്യാത്തതിനാലും വൈപ്പിൻ, പശ്ചിമ കൊച്ചി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിൽ ഓരുവെള്ളം കയറി ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാവുന്ന സാഹചര്യം ഉണ്ടായിട്ടും മേൽ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ; | (സി) | കുമ്പളം, ഇടക്കൊച്ചി, പള്ളുരുത്തി മേഖലകളിലായി വ്യാപിച്ച് കിടക്കുന്ന കുമ്പളം കായലിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായുള്ള ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തിയ്ക്ക് ജലവിഭവ വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിരുന്നു. 2.655 കി.മീ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മാണമാണ് പ്രവൃത്തിയിൽ പ്രധാനമായും ഉൾക്കൊള്ളിച്ചിരുന്നത്. പ്രവൃത്തിയ്ക്കുവേണ്ടി നിരവധി തവണ ടെണ്ടറുകൾ ക്ഷണിച്ചുവെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രവൃത്തി മൂന്നായി വിഭജിച്ച് നടപ്പിലാക്കുന്നതിനായി ഇറിഗേഷനും ഭരണവും ചീഫ് എഞ്ചിനീയർ സമർപ്പിച്ച DPR പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കാലാവസ്ഥ വ്യതിയാനത്താൽ ജലനിരപ്പ് ഭൂനിരപ്പിനേക്കാൾ ഉയർന്നുവരുന്നതിനാൽ ഭൂനിരപ്പ് ഉയർത്തേണ്ട അടിയന്തര സാഹചര്യം കണക്കിലെടുത്ത് ജില്ലാ കളക്ടർമാർ കണ്ടെത്തുന്ന കനാലുകളോട് ചേർന്ന് കിടക്കുന്ന അനുയോജ്യമായ പൊതു/സ്വകാര്യ ഭൂമികളിൽ ഭൂവുടമസ്ഥരുടെ സമ്മതപ്രകാരം നിശ്ചിത വില നൽകി ഡ്രഡ്ജിങ്ങിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും നിക്ഷേപിക്കുവാൻ പ്രസ്തുത ഉത്തരവ് പ്രകാരം സാധിക്കുമോ; | (ഡി) | ഡ്രഡ്ജിങ്ങിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താൽക്കാലികമായി നിക്ഷേപിക്കുന്നതിനായി സൗകര്യപ്രദമായ സ്ഥലങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും താമസംവിനാ അവ ലേലം ചെയ്ത് ആവശ്യക്കാർക്ക് നൽകി പ്രസ്തുത സ്ഥലം പഴയ സ്ഥിതിയിൽ നിലനിർത്തുന്നതിനുമാണ് 21/06/2018- ലെ സ.ഉ.(കൈ.)നം.2/2018/ സി.എസ്.ഐ.എൻ.ഡി പ്രകാരം ജില്ലാകളക്ടർമാർക്ക് അനുമതി നൽകിയിട്ടുള്ളത്. |
| (ഇ) | ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തി ഭൂനിരപ്പ് ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ